# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1112 — 29.09.11-ൽ മറുപടിക്ക്

## പള്ളിക്കമണ്ണടി പാലം നിർമ്മിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ് ജയലാൽ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലം നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതി നൽകിയതെന്നും, ഏതു വർഷമാണ് അനുമതി ലഭിച്ചതെന്നും അറിയിക്കുമോ ; | (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് (Rt) No. 1185/09/PWD dated 14.08.2009 പ്രകാരം 315 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് 2009-ൽ നൽകിയിട്ടുള്ളത്. |
| (ബി) പ്രസ്തുത ഭരണാനുമതി ലഭിച്ചിട്ട് നാളിതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത പാലത്തിന്റെ ടെണ്ടർ നടത്തുന്നതിനായി പാലത്തിന്റെ രൂപരേഖ തയ്യാറാക്കാനുള്ള എല്ലാ ഡേറ്റാകളും പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗമായ DRIQ BOARD-ന് നൽകുകയും, അതിനടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രാഥമിക രൂപരേഖ അനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) പള്ളിക്കമണ്ണടി പാലം നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അത് എന്താണെന്ന് അറിയിക്കുമോ ; | (സി) ടി പാലത്തിനുള്ള സ്ഥലം ഇതുവരെ പൊതുമരാമത്ത് വകുപ്പിന് ലഭ്യമായിട്ടില്ല. പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആയാൽ മാത്രമേ വർക്ക് ടെണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളു. |

| | |
|---|---|
| (ഡി) പാലം പണി ആരംഭിക്കുന്നതിന് മുമ്പ് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി റവന്യൂ വകുപ്പിന് സർക്കാർ രേഖാമൂലം നിർദ്ദേശം നൽകേണ്ട-തുണ്ടോ ;<br><br>(ഇ) എങ്കിൽ അതിനുള്ള രേഖകളും അപേക്ഷയും പൊതുമരാമത്ത് ഉദ്യോഗസ്ഥർ സമർപ്പിച്ചിട്ടുണ്ടോ ; അതിന്മേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ഡി) & (ഇ) ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ആയതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിച്ചിട്ടുണ്ട്. നടപടി സ്വീകരിച്ചുവരുന്നു. |
| (എഫ്) ഭൂമി ഏറ്റെടുക്കലിൽ വന്ന കാലതാമസം ഒഴിവാക്കി അടിയന്തിരമായി പാലം നിർമ്മാണം ടെണ്ടർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) പാലത്തിന്റെ അപ്രോച്ച് റോഡി-നുള്ള സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലായാൽ ഉടൻ വർക്ക് ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ